## നടപടിത്തീർപ്പ്

ഡി ഒ ആർ- തൃശ്ശൂർ-ജീവനക്കാര്യം-ശ്രീ മുജീബ് എം. സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II - അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത്- അച്ചടക്ക നടപടി- സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ

നം.ഇഎ2/1735/2020/ഡിഇആർ

സിവിൽ സ്റ്റേഷൻ,അയ്യന്തോൾ,
തൃശ്ശൂർ – 680003
ഫോൺ: 0487 2361339
ഇമെയിൽ :ecostattsr@gmail.com
തീയതി : 06/05/2022

---

സൂചന:
1. 27/05/2000 ലെ സർക്കാർ ഉത്തരവ്(ആർ.റ്റി) നം.245/2000/പ്ലാനിംഗ്
2. 01/07/2005 ലെ സർക്കാർ ഉത്തരവ്(ആർ.റ്റി) നം.212/2005/പ്ലാനിംഗ്
3. 30/07/2010 ലെ സർക്കാർ ഉത്തരവ്(ആർ.റ്റി) നം.266/2010/ആ.സാ.വ.
4. 17/12/2015 ലെ സർക്കാർ ഉത്തരവ്(ആർ.റ്റി) നം.538/2015/ ആ.സാ.വ.
5. ഈ ഓഫീസിലെ 21/04/2021 ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ
6. ഈ ഓഫീസിലെ 01/04/2022 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

ശ്രീ മുജീബ് എം. എന്ന താങ്കൾക്ക് തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II (പൂർവ്വ നാമം – എൽ.ഡി.ഇൻവെസ്റ്റിഗേറ്റർ) തസ്തികയിൽ ജോലിയിലിരിക്കെ സൂചന (1), (2), (3) ഉത്തരവുകൾ പ്രകാരം കെ.എസ്.ആർ. പാർട്ട് I അനുബന്ധം XII A അനുസരിച്ച് മൂന്നു ഘട്ടങ്ങളിലായി 15 വർഷക്കാലം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. സൂചന (4) പ്രകാരം കെ.എസ്.ആർ ഭാഗം I അനുബന്ധം XII A ലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി ഇനി ഒരു ദീർഘിപ്പിക്കൽ അനുവദിക്കുകയില്ല എന്ന വ്യവസ്ഥയിൽ 01/06/2015 മുതൽ 31/05/2020 വരെ 5 വർഷത്തേക്ക് കൂടി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. താങ്കൾ 01/06/2020 ന് തിരികെ ജോലിയിൽ പ്രവേശിക്കാതിരുന്നതിനാൽ താങ്കളുടെ പേരിൽ 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളും കെ.എസ്.ആർ. പാർട്ട് I അനുബന്ധം XII A പ്രകാരവും താങ്കളുടെ ഭാഗത്തുള്ള ഗുരുതര വീഴ്ചയായി കണക്കാക്കി ആയതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് സൂചന (5) പ്രകാരം ഈ വകുപ്പിൽ നിന്നും താങ്കളുടെ പേരിൽ ലഭ്യമായ പ്രാദേശികവിലാസത്തിലും ഇമെയിൽ മുഖേനയും കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും അയച്ചിരുന്നു. ആയത് മേൽവിലാസക്കാരൻ "ഇന്ത്യക്ക് പുറത്താണ്" എന്ന തപാൽ വകുപ്പിന്റെ റിമാർക്സ് സഹിതം തിരികെ ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്.

ടി സാഹചര്യത്തിൽ അനുബന്ധം എച്ച് 4 നോട്ടീസ് വകുപ്പുതല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇതു സംബന്ധിച്ച വിവരം ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ 23/02/2022 ലെ ടൈംസ് കേരള, സമദർശി ഉടങ്ങിയ ദിനപത്രങ്ങളിലും 24/02/2022 ന് സിറാജ്, ദീപിക, ചന്ദ്രിക, തേജസ്സ്, ജന്മഭൂമി ഉടങ്ങിയ ദിനപത്രങ്ങളിലും 23/2/2022 ന് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(മറുപുറം)

ശ്രീ മുജീബ് എം. എന്ന താങ്കൾ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ രേഖാമൂലം മറുപടി നൽകുകയോ ഓഫീസിൽ നേരിട്ട് ഹാജരാകുകയോ ചെയ്തിട്ടില്ല. എന്നാൽ വിദേശത്ത് സർവ്വീസ് ആനുകൂല്യത്തിന് കാത്തു നിൽക്കുന്നതാണ് തിരികെ ജോലിയിൽ പ്രവേശിക്കാൻ താമസമുണ്ടായതെന്നും വിദേശസർവ്വീസ് ആനുകൂല്യങ്ങൾ കിട്ടുന്നതനുസരിച്ച് ജോലിയിൽ പ്രവേശിക്കാമെന്നുമുള്ള താങ്കളുടെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ താങ്കളെ സർവ്വീസിൽ നിന്നും താല്ക്കാലികമായി നീക്കം ചെയ്യുവാൻ തീരുമാനിക്കുകയും ഇതിനെതിരായി ടി നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം തിരികെ ജോലിയിൽ പ്രവേശിക്കാത്ത പക്ഷം താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും സൂചന (6) പ്രകാരം അറിയിച്ചിട്ടുള്ളതുമാണ്.

എന്നാൽ ടി നോട്ടീസ് കൈപ്പറ്റി നാളിതുവരെ താങ്കളിൽ നിന്നും മറുപടി ലഭിക്കുകയോ താങ്കൾ ഈ ഓഫീസുമായി നേരിട്ട് ബന്ധപ്പെടുകയോ ചെയ്തിട്ടില്ല.

നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ താങ്കൾ നേരിട്ട് ഹാജരാകുകയോ പ്രതിവാദ പത്രികയോ മറ്റു വിശദീകരണമോ നൽകാത്ത സാഹചര്യത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ചുവടെ പറയും പ്രകാരം അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II ശ്രീ മുജീബ് എം. നെ 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളും കെ.എസ്.ആർ. പാർട്ട് I അനുബന്ധം XII A പ്രകാരവും സർവ്വീസിൽ നിന്ന് താല്ക്കാലികമായി നീക്കം ചെയ്തു കൊണ്ടുള്ള തീരുമാനം സ്ഥിരപ്പെടുത്തി ടിയാളെ 01/06/2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് ഉത്തരവാകുന്നു.

ഷോജൻ എ.പി.
ഡെപ്യൂട്ടി ഡയറക്ടർ

സ്വീകർത്താവ്

ശ്രീ മുജീബ് എം.
പുത്തൻപുരക്കൽ വീട്
പാനൂർ,പല്ലന
ആലപ്പുഴ-690 515
ഇ-മെയിൽ : mujeeb5m@yahoo.com

പകർപ്പ്
ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.
(ഉപരിപത്രം സഹിതം)